**പതിനാലാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3599.　　12.05.2017 ൽ മറുപടിയ്ക്ക്**

**സമ്പൂർണ്ണ ലഹരിവിമുക്ത കേരളം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി. ഉണ്ണി | | ശ്രീ.ടി.പി.രാമകൃഷ്ണൻ (തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | മദ്യ - മയക്കുമരുന്ന് മാഫിയകളുടെ പ്രവർത്തനങ്ങൾ ഇല്ലായ്മ ചെയ്ത് സമ്പൂർണ്ണ ലഹരിവിമുക്ത കേരളം എന്ന ആശയം നടപ്പിലാക്കുന്നതിനായി ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത് എന്ന് വിശദമാക്കാമോ; | (എ) | ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളോടൊപ്പം മദ്യവർജ്ജനത്തിന് ഊന്നൽ നൽകിയും മയക്കുമരുന്നുകളുടെ ഉപഭോഗം പൂർണ്ണമായും ഇല്ലാതാക്കുവാനും ലക്ഷ്യമിട്ട് കേരള സംസ്ഥാന ലഹരി വർജ്ജനമിഷൻ "വിമുക്തി" രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത മിഷനിൽ സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്, സ്കൂൾ-കോളേജ് ലഹരിവിരുദ്ധ ക്ലബ്ബുകൾ, എൻ.എസ്.എസ്. കുടുംബശ്രീ, സംസ്ഥാന ലൈബ്രറി കൗൺസിൽ, മദ്യവർജ്ജന സമിതികളടക്കമുള്ള സന്നദ്ധ സംഘടനകൾ, വിദ്യാർത്ഥി-യുവജന-മഹിളാ സംഘടനകൾ എന്നിവരുടെ പങ്കാളിത്തത്തോടുകൂടി ലഹരിക്കെതിരെയുള്ള ബോധവത്ക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു വരുന്നു. ലഹരി വിമുക്ത കേരളം എന്ന ലക്ഷ്യം സാക്ഷാത്ക്കരിക്കുക എന്നതാണ് 'വിമുക്തി' മിഷന്റെ പ്രവർത്തനങ്ങളിലൂടെ ലക്ഷ്യമിടുന്നത്. |
| (ബി) | മദ്യത്തിനും മയക്കുമരുന്നിനും അടിമകളായിട്ടുള്ളവരുടെ ഡീ അഡിക്ഷൻ ചികിത്സകൾ ചെയ്യുന്നതിനായി താലൂക്ക് ആശുപത്രികളോടനുബന്ധിച്ച് മതിയായ സൗകര്യം ഒരുക്കുവാൻ എക്സൈസ് വകുപ്പിന് എന്തെല്ലാം പദ്ധതികളാണുള്ളതെന്ന് വിശദമാക്കാമോ? | (ബി) | കേരള സംസ്ഥാന ലഹരിവർജ്ജനമിഷൻ "വിമുക്തി" യുടെ ഭാഗമായി എല്ലാ ജില്ലകളിലും ജില്ലാ ആശുപത്രിയോട് ചേർന്ന് ആരോഗ്യ വകുപ്പിന്റെ സഹകരണത്തോടെ ലഹരി വിമുക്ത ചികിത്സാ കേന്ദ്രങ്ങൾ ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ എക്സൈസ് വകുപ്പിന് കീഴിൽ ദേശീയ നിലവാരത്തിലുള്ള ഒരു മാതൃകാ ഡി-അഡിക്ഷൻ സെന്റർ ആംഭിക്കുവാനും തീരുമാനിച്ചിട്ടുണ്ട്. ആയതിനുള്ള നടപടികൾ ത്വരിതഗതിയിൽ നടന്നു വരുന്നു. |

**സെക്ഷൻ ഓഫീസർ**